അവശരായ കായികതാരങ്ങൾക്ക് ധനസഹായം

124 (2576) ശ്രീ വി കെ സി മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശരായ കായിക താരങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത് ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ സഹായ പദ്ധതിക്ക് നിശ്ചയിച്ചിട്ടുണ്ട് ;

(സി) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ നല്കിയിട്ടുണ്ട് ;

(ഡി) കോഴിക്കോട് ജില്ലയിൽ എത്രപേർക്ക് സാമ്പത്തിക സഹായം നല്കി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അവശ കായികതാരങ്ങൾക്ക് സ്പോർട്സ് കൗൺസിൽ നേരിട്ട് പ്രതിമാസ പെൻഷൻ നല്കുന്നുണ്ട്.

(ബി) താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

1. പ്രതിവർഷ വരുമാനം 20,000 രൂപയിൽ താഴെയായിരിക്കണം.
2. കുറഞ്ഞ കായിക യോഗ്യത 70 വയസ്സിനു മുകളിൽ അന്തർജില്ല/സംസ്ഥാന മത്സരത്തിൽ പങ്കെടുത്തിരിക്കണം.

   60 വയസ്സിനു മുകളിൽ :-

   അന്തർജില്ല/സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം കരസ്ഥമാക്കിയിരിക്കണം.

   55 വയസ്സിനു മുകളിൽ :-

   ദേശീയ, അഖിലേന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുത്തിരിക്കണം.

   കളരിപ്പയറ്റ്

   60 വയസ്സിനു മുകളിൽ :-

   അന്തർജില്ല/സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തിരിക്കണം.

   55 വയസ്സിനു മുകളിൽ :-

   അന്തർജില്ല/സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം കരസ്ഥമാക്കിയിരിക്കണം.

(സി) 342 പേർക്ക്.

(ഡി) 22 പേർക്ക്.

LIBRARY ARCHIVES Kerala Legislative Assembly